# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/20/2018 2018 ജനുവരി 27

## പത്രക്കുറിപ്പ്

**എം.ജി.യിൽ അത്യാനുധിക ലബോറട്ടറി സമുച്ചയം:**
**178 കോടിയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അത്യാധുനിക ലബോറട്ടറി സമുച്ചയം നിർമ്മിക്കുന്നതിന് 178 കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ചു. അഞ്ചു നിലകളിലായി ഒരു ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ളതും അന്താരാഷ്ട്ര നിലവാരത്തിലുള്ളതുമായ ലബോറട്ടറി സമുച്ചയം ഇന്ത്യൻ സർവ്വകലാശാലകളിൽത്തന്നെ പ്രഥമസംരംഭമായാണ് കരുതപ്പെടുന്നത്. എം.ജി.യിലെ ബയോസയൻസ്, കെമിക്കൽ സയൻസസ്, ഫിസിക്സ്, എൻവയോൺമെന്റൽ സയൻസ്, കമ്പ്യൂട്ടർ സയൻസ് എന്നീ ശാസ്ത്രപഠനവകുപ്പുകൾക്ക് ഉന്നത നിലവാരമുള്ള ഗവേഷണത്തിനുപകരിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലാബ് സമുച്ചയത്തിനുള്ള പദ്ധതിയ്ക്കാണ് സർക്കാർ അംഗീകാരമായത്.

പി.ജി., എം.ഫിൽ, പോസ്റ്റ് ഡോക്ടറൽ തലങ്ങളിലുള്ള വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഇതിലെ ഗവേഷണ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനാകും. ഒരു ബഹുനില കെട്ടിടത്തിൽ തന്നെ വിവിധ ശാസ്ത്രപഠന ശാഖകളുടെ ഗവേഷണ ലാബുകളുടെ സമുച്ചയമാണ് സ്ഥാപിക്കുന്നത്. ശാസ്ത്രവിഷയങ്ങളിൽ അന്തർ വൈജ്ഞാനിക ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യംവച്ചാണ് ഈ ലബോറട്ടറി സമുച്ചയം രൂപകല്പന ചെയ്തിരിക്കുന്നത്. വിവിധ സയൻസ് പഠനവകുപ്പുകളുടെ ഏകോപിത ഗവേഷണ പ്രവർത്തനങ്ങൾക്കായി തികച്ചും പരിസ്ഥിതി സൗഹൃദവും സ്വയം പര്യാപ്തവുമായ ഒരു ആധുനിക ബഹുനില ലബോറട്ടറി സമുച്ചയമാണ് വിഭാവനം ചെയ്യുന്നത്. സൗരോർജ്ജവും പ്രകൃതിദത്ത പ്രകാശവും പരമാവധി ഉപയോഗപ്പെടുത്തുന്നതിനും ജലം, മാലിന്യങ്ങൾ എന്നിവ സംസ്കരിച്ച് പുനരുപയോഗിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഉൾക്കൊള്ളുന്നതാകും ഈ ലബോറട്ടറി സമുച്ചയം.

സംസ്ഥാന ധനകാര്യമന്ത്രി, വിദ്യാഭ്യാസ മന്ത്രി, ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി എന്നിവരുമായി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് 178 കോടി രൂപയുടെ ഈ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയത്. കിഫ്ബി ഫണ്ട് ഈ പദ്ധതിയ്ക്കായി സർവ്വകലാശാല പ്രയോജനപ്പെടുത്തും. ഭാവിയിൽ ഭാരതത്തിലെ ശാസ്ത്രഗവേഷണത്തിന് ദേശീയ പ്രാധാന്യമുള്ള കേന്ദ്രമായി ഇത് മാറുമെന്ന് വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു.

**അപേക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ എം.എ/എം.എസ്.സി./എം.കോം /എം.സി.ജെ/എം.എസ്.ഡബ്ല്യു/എം.ടി.എ. (2017 അഡ്മിഷൻ റഗുലർ കോളേജ് സ്റ്റഡി) ഡിഗ്രി പരീക്ഷകൾക്ക് ഓൺലൈനായുള്ള രജിസ്ട്രേഷനും ഫീസും പിഴയില്ലാതെ ഫെബ്രുവരി 3 മുതൽ 8 വരെയും 50 രൂപ പിഴയോടെ 9 മുതൽ 10 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 മുതൽ 12 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികളുടെ ഫീസ് ഇ-പേയ്മെന്റ് ആയി പ്രോഗ്രാം തിരിച്ച് കോളേജ് പോർട്ടൽ വഴി അടയ്ക്കണം. ഇന്റേണൽ മാർക്കുകൾ പരീക്ഷ ആരംഭിച്ച് 15 ദിവസത്തിനകം അപ്ലോഡ് ചെയ്യേണ്ടതാണ്. 2017 അഡ്മിഷനിലുള്ള ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളുടെ ഫോട്ടോ (150W x 200H (in pixels), File size 15 KB to 50 KB) ഫെബ്രുവരി 3 മുതൽ 8 വരെ അപ്ലോഡ് ചെയ്യാം. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. പരീക്ഷാ തീയതി പിന്നീട് പ്രഖ്യാപിക്കും.

ഒന്നാം സെമസ്റ്റർ എം.ബി.എ. (2017 അഡ്മിഷൻ റഗുലർ/2014 മുതൽ 2016 വരെ അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 31 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 1 വരെയും 500 രൂപ സൂപ്പർഫൈനോടെ 5 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 150 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

**പരീക്ഷാ തീയതി**

സെൻ്റർ ഫോർ പ്രൊഫഷണൽ ആൻ്റ് അഡ്വാൻസ്ഡ് സ്റ്റഡീസിനു കീഴിലുള്ള ഒന്നാം സെമസ്റ്റർ ബി.ടെക് (2017 അഡ്മിഷൻ റഗുലർ), മൂന്നാം സെമസ്റ്റർ ബി.ടെക് (2016 അഡ്മിഷൻ റഗുലർ) എന്നീ പരീക്ഷകൾ ഫെബ്രുവരി 15ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 നവംബറിൽ നടന്ന നാലാം സെമസ്റ്റർ (ഫൈനൽ) മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസസ് (മെഡിക്കൽ ഡോക്യുമെൻ്റേഷൻ - റഗുലർ/സപ്ലിമെൻ്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. കോട്ടയം ഗാന്ധിനഗർ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിലെ മാളവിക അനിൽ, മാഗി ബേബി, അഞ്ജു വി. അലക്സ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 2 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ (ഇൻ്റലക്ചൽ ഡിസെബിലിറ്റി - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 6 വരെ അപേക്ഷിക്കാം.

**അദ്ധ്യാപക നിയമനം: 2016ലെ യു.ജി.സി. ചട്ട ഭേദഗതി ബാധകമാക്കി**

സർവ്വകലാശാലകളിലും കോളേജുകളിലും അദ്ധ്യാപക നിയമനത്തിനായുള്ള യോഗ്യതകൾ സംബന്ധിച്ച് യു.ജി.സി.യുടെ 2016ലെ ഭേദഗതി ചെയ്ത ചട്ടങ്ങൾ എം.ജി. സർവ്വകലാശാലയിൽ ബാധകമാക്കി ഉത്തരവായി.

**എം.ജി.യിൽ റിപ്പബ്ലിക് ദിനാഘോഷം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ദേശീയപതാക ഉയർത്തുകയും സുരക്ഷാ ഭടന്മാർ നടത്തിയ പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയും ചെയ്തു. സർവ്വകലാശാലാ ഭരണവിഭാഗം ബ്ലോക്കിൽ നടന്ന ചടങ്ങിൽ സുരക്ഷാ ഉദ്യോഗസ്ഥൻ കെ.എം. ജോർജ്ജ്, ഉന്നത ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിൽ റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി നടത്തിയ ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ദേശീയപതാക ഉയർത്തുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**